# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *248 — **19/06/2018 ൽ** മറുപടിക്ക്

## പഞ്ചായത്തുകളുടെ അന്യാധീനപ്പെട്ട ഭൂമി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അൻവർ സാദത്ത്**<br>**ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ**<br>**ശ്രീ.എ.പി. അനിൽ കുമാർ** | **ഡോ.കെ.ടി. ജലീൽ**<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| എ) | പഞ്ചായത്തുകളുടെ കീഴിൽ കൈമാറ്റം വഴിയോ അല്ലാതെയോ അന്യാധീനപ്പെട്ടുകിടക്കുന്ന പുറമ്പോക്ക് ഭൂമി തിരിച്ച് പിടിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; | എ) ഉണ്ട് |
| ബി) | പഞ്ചായത്തിന് കീഴിലുള്ള ആസ്തികൾ സംരക്ഷിക്കാത്ത ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; | ബി) പഞ്ചായത്തിന് കീഴിലുള്ള ആസ്തികൾ സംരക്ഷിക്കാത്ത ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണ്. |
| സി) | പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ഏതെങ്കിലും ഭൂമി പഞ്ചായത്തിന്റെ മുൻകൂട്ടിയുള്ള അനുമതി കൂടാതെ ആരെങ്കിലും കൈവശം വയ്ക്കുന്നത് കയ്യേറ്റമായി കണക്കാക്കി പിഴ ഈടാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | സി) പഞ്ചായത്തിന്റെ വകയായോ, നിക്ഷിപ്തമായതോ, അതിന്റെ നിയന്ത്രണത്തിലുള്ളതോ ആയ ഏതെങ്കിലും ഭൂമി ഗ്രാമ പഞ്ചായത്തിന്റെ മുൻകൂട്ടിയുള്ള അനുമതി കൂടാതെ കൈവശം വയ്ക്കുകയാണെങ്കിൽ ആയത് കയ്യേറ്റമായി കണക്കാക്കേണ്ടതാണ്. 1996 ലെ കേരള പഞ്ചായത്ത് രാജ് (കയ്യേറ്റം നീക്കം ചെയ്യലും അനധികൃതമായി കൈവശം വയ്ക്കുന്നതിന് പിഴ ചുമത്തലും ഈടാക്കലും) ചട്ടങ്ങളിലെ 3(3) പ്രകാരം അനധികൃത കയ്യേറ്റം മൂലം പഞ്ചായത്തുകൾക്കുണ്ടായ നഷ്ടം ബന്ധപ്പെട്ടവരിൽ നിന്നും ഇടാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുന്നതിന് സംസ്ഥാനത്തെ എല്ലാ |

| | | |
|---|---|---|
| | | പഞ്ചായത്തുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ അതാത് കാലങ്ങളിൽ പിഴ കൊടുക്കുവാൻ കയ്യേറ്റക്കാരൻ ബാദ്ധ്യസ്ഥനാണ്. |
| (ഡി) | വകുപ്പിന് കീഴിലുള്ള വസ്തു, ആസ്തി ഇവ സംബന്ധിച്ച രജിസ്റ്ററുകൾ പൂർണ്ണമായും കാലികമായും സൂക്ഷിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; ഇതാരുടെ ഉത്തരവാദിത്തമാണ്; ഇതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ? | ഓരോ ഗ്രാമപഞ്ചായത്തിന്റെയും കീഴിലുള്ള വസ്തു, ആസ്തി ഇവ സംബന്ധിച്ച ആസ്തി രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടത് ഗ്രാമപഞ്ചായത്തുകളുടെ ഉത്തരവാദിത്തമാണ്. ആയത് പൂർണ്ണമാക്കിയും കാലികമാക്കിയും സൂക്ഷിച്ച് വരുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്. അപ്രകാരം ആസ്തി സംരക്ഷിക്കാത്ത ഉദ്യോഗസ്ഥർക്കും ഗ്രാമപഞ്ചായത്തുകൾക്കുമെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്ന് നിർദ്ദേശിച്ച് സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ